**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2664** **13-12-2022 - ൽ മറുപടിയ്ക്ക്**

**കോവിഡാനന്തര പഠനങ്ങൾ - ബജറ്റിൽ വകയിരുത്തിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് അനന്തര പഠനങ്ങൾക്കും ഉചിതമായ ചികിത്സാരീതിയുടെ വികസനത്തിനുമായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (എ) | കോവിഡാനന്തര പ്രവർത്തനങ്ങൾക്കും ഉചിതമായ ചികിത്സാരീതിയുടെ വികസനത്തിനുമായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ 5 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. പോസ്റ്റ് കോവിഡ് ക്ലിനിക്കടക്കമുള്ള വിവിധ പോസ്റ്റ് കോവിഡ് പ്രവർത്തനങ്ങൾക്കായി 5 കോടി രൂപയുടെ ഭരണാനുമതി 21/10/2022-ലെ സർക്കാർ ഉത്തരവ് നം.2532/2022/ആ.കു.വ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ നിന്നും 47.78 ലക്ഷം രൂപ കോവിഡ് ക്ലിനിക്കുകൾക്കായി ജില്ലകൾക്കും (3 ലക്ഷം രൂപ വീതം), സംസ്ഥാനതല പോസ്റ്റ് കോവിഡ് പ്രവർത്തനങ്ങൾക്കുമായി (5.78 ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. പോസ്റ്റ് കോവിഡ് അടക്കമുള്ള വിവിധ കോവിഡ് ചികിത്സകൾക്കായി താഴെപ്പറയും പ്രകാരമുള്ള തുകകൾ ചെലവഴിച്ചിട്ടുണ്ട്. കിഫ്ബി മുഖാന്തിരം 10 കിടക്കകളുള്ള ഐസോലേഷൻ ബ്ലോക്കുകളുടെ നിർമ്മാണത്തിനായി അനുവദിച്ചത് 236.30 കോടി രൂപയാണ്. ആയതിൽ ആകെ ചെലവായ 60.46 കോടി രൂപയിൽ നടപ്പ സാമ്പത്തിക വർഷം 44.33 കോടി രൂപ ചെലവഴിച്ചു. KMSCL ന് അനുവദിച്ച 356.40 കോടിയിൽ നിന്നും ഓക്സിജൻ ജനറേറ്റർ സിസ്റ്റത്തിനായി 8.84 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്ന് NHM ന് സംസ്ഥാന വിഹിതമായി അനുവദിച്ച 20 കോടി രൂപയും, കരാർ ജീവനക്കാർക്കുള്ള ഇൻസെന്റീവ് അലവൻസായ 222.14 കോടി രൂപയും പൂർണമായും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ